# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് പത്തൊമ്പത്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

## (7)

Sat ഈ ദൂതിൽ നാലു പ്രമാണങ്ങളെക്കുറിച്ചു പറയുന്ന 5:31-48-ലേക്ക് നാം വരുന്നു. 21 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ പൂർണ്ണമാക്കപ്പെട്ട രണ്ടു പ്രമാണങ്ങളെക്കുറിച്ച്, കൊലപാതകത്തെ സംബന്ധിച്ച പ്രമാണത്തെയും, വ്യഭിചാരത്തെ സംബന്ധിച്ച പ്രമാണത്തെയുംകുറിച്ച്, കർത്താവ് പറഞ്ഞു. എന്നാൽ ഈ ഭാഗത്തുള്ള നാലു പ്രമാണങ്ങൾ, വിവാഹമോചനം, ആണയിടുന്നത്, ദുഷ്ടനെ എതിർക്കുന്നത്, ശത്രുക്കളെ സ്നേഹിക്കുന്നത് എന്നിവയിലെല്ലാം മാറ്റംവരുത്തിയിരിക്കുന്നു. രാജ്യത്തിന്റെ പുതിയ പ്രമാണമായി 21 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ രാജാവ് വിളംബരം ചെയ്തത് പഴയ യുഗത്തിന്റെ പ്രമാണത്തെ പൂർണ്ണമാക്കുന്നു, എന്നാൽ രാജ്യത്തിന്റെ പുതിയ പ്രമാണമായി 31 മുതൽ 48 വരെയുള്ള വാക്യങ്ങളിൽ രാജാവ് വിളംബരം ചെയ്തത് പഴയ യുഗത്തിന്റെ പ്രമാണത്തെ മാറ്റുന്നു.

## F. വിവാഹമോചനത്തെ സംബന്ധിച്ച്

### *1. പഴയ പ്രമാണം—ഉപേക്ഷണപത്രത്താൽ വിവാഹമോചനം ചെയ്യുന്നു*

ഒന്നാമതായി നമുക്ക് വിവാഹമോചനത്തെ സംബന്ധിച്ച പ്രമാണത്തിന്റെ മാറ്റത്തെ പരിഗണിക്കാം. വാക്യം 31 പറയുന്നു, "തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവൾക്ക് ഉപേക്ഷണപത്രം കൊടുക്കട്ടെ എന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ." പഴയ പ്രമാണമനുസരിച്ച് ഒരു ഉപേക്ഷണപത്രം അവൾക്ക് എഴുതിക്കൊടുത്തുകൊണ്ട് തന്റെ ഭാര്യയെ വിവാഹമോചനം ചെയ്യുവാൻ ഒരു മനുഷ്യന് കഴിയുമായിരുന്നു. വിവാഹമോചനത്തെ സംബന്ധിച്ച പഴയ യുഗത്തിന്റെ പ്രമാണം നിയമിച്ചിരുന്നത് ജനത്തിന്റെ ഹൃദയകാഠിന്യം നിമിത്തമായിരുന്നു: അത് ആരംഭത്തിലുള്ള

ദൈവപദ്ധതി അനുസരിച്ചുള്ളതല്ലായിരുന്നു (19:7-8). രാജാവിന്റെ പുതിയ വിളംബരം വിവാഹത്തെ തിരികെ ദൈവത്താൽ പദ്ധതി ചെയ്തതുപോലെ ആരംഭത്തിലേക്ക് പ്രത്യുദ്ധരിക്കുന്നു (19:4-6).

## *2. പുതിയ പ്രമാണം—പരസംഗം ഹേതുവായിട്ടല്ലാതെ വിവാഹമോചനം ചെയ്യരുത്*

വാക്യം 32 പറയുന്നു, "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, പരസംഗം ഹേതുവായിട്ടല്ലാതെ തന്റെ ഭാര്യയെ വിവാഹമോചനം ചെയ്യുന്നവനെല്ലാം അവളെ വ്യഭിചാരം ചെയ്യുവാൻ ഇടയാക്കുന്നു. വിവാഹമോചനം ചെയ്തവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു." മരണത്താലോ (റോമ. 7:3) പരസംഗത്താലോ മാത്രമേ വിവാഹബന്ധത്തെ തകർക്കുവാൻ കഴിയുകയുള്ളൂ. തന്മൂലം, മറ്റെന്തെങ്കിലും കാരണത്താൽ വിവാഹമോചനം നടത്തുന്നത് വ്യഭിചാരം ചെയ്യുന്നതാണ്.

കർത്താവായ യേശുവിന്റെ വാക്കനുസരിച്ച് വിവാഹമോചനത്തിനുള്ള ഏക ഹേതു പരസംഗമാണ്. വിവാഹ ബന്ധത്തെ തകർക്കുവാൻ രണ്ടു കാര്യങ്ങൾക്കു മാത്രമേ കഴിയുകയുള്ളൂ: ഒന്നുകിൽ രണ്ടുപേരിൽ ഒരാളുടെ മരണം, അല്ലെങ്കിൽ പരസംഗം, അഥവാ വ്യഭിചാരം. ഏതെങ്കിലും ഒരു കക്ഷി വ്യഭിചരിക്കുന്നുവെങ്കിൽ, വിവാഹബന്ധം തകർന്നുപോയി. ഇതാണ് തത്ത്വം. അതുകൊണ്ട്, പരസംഗം ഹേതുവായിട്ടല്ലാതെ വിവാഹമോചനം പാടില്ലെന്ന് കർത്താവായ യേശു പറഞ്ഞു. പരസംഗമെന്ന ഒരു സംഭവം ഉണ്ടായതുകൊണ്ടുമാത്രം പുനർവിവാഹം ചെയ്യാനുള്ള ഒരു ഒഴികഴിവെന്ന നിലയിൽ ഈ അവസരത്തെ നിങ്ങൾ മുതലെടുക്കരുത്. ഇത് ഉദ്ദേശ്യത്തിന്റെ ഒരു കാര്യവുമാണ്. സാധിക്കുമെങ്കിൽ, കുറ്റംചെയ്ത വ്യക്തിയോട് ക്ഷമിക്കണം. എങ്കിലും, കുറ്റംചെയ്ത വ്യക്തി അനുതപിക്കുവാൻ നിരസിച്ചുകൊണ്ട് അത്തരത്തിലുള്ള പാപത്തിൽ ജീവിക്കുകയോ മറ്റൊരാളെ വിവാഹം കഴിക്കുകയോ ചെയ്യുന്നുവെങ്കിൽ അത് വ്യത്യസ്തമായ കാര്യമാണ്. ഇതുപോലെയുള്ള ഒരു സാഹചര്യത്തിൽ വിവാഹബന്ധം തകർന്നുപോയി, അതിനാൽ മറ്റേ കക്ഷി സ്വതന്ത്രനാണ്.

വിവാഹത്തിനു വേണ്ടിയുള്ള തന്റെ ആരംഭോദ്ദേശ്യത്തിൽ ഒരു ഭർത്താവിന് ഒരു ഭാര്യയെ ദൈവം നിയമിച്ചിരുന്നു. എന്നാൽ യിസ്രായേൽമക്കളുടെ ബലഹീനതയും ഹൃദയകാഠിന്യവും നിമിത്തം, ന്യായപ്രമാണം നൽകിയപ്പോൾ, തന്റെ ഭാര്യക്ക് ഒരു ഉപേക്ഷണപത്രം എഴുതിക്കൊടുത്ത് വിവാഹമോചനം നടത്താനുള്ള അനുവാദം മോശെ മനുഷ്യനു നൽകി. എന്നാൽ സ്വർഗരാജ്യത്തിന്റെ വരവോടുകൂടി ഇപ്പോൾ വിവാഹമോചനത്തെ സംബന്ധിച്ച ആ നിയമം മാറുകയും, വിവാഹത്തിന്റെ കാര്യം ദൈവത്തിന്റെ ആരംഭോദ്ദേശ്യത്തിലേക്ക് പ്രത്യുദ്ധരിക്കപ്പെടുകയും

ചെയ്തു. ആദാമിന് ഒന്നോ അതിലധികമോ വിവാഹമോചനം ചെയ്യാൻ കഴിയത്തക്കവണ്ണം ആരംഭത്തിൽ ആദാമിനുവേണ്ടി രണ്ടോ മൂന്നോ ഹവ്വമാരെ ദൈവം സൃഷ്ടിച്ചില്ല. ഇല്ല, ഒരു ഭർത്താവും ഒരു ഭാര്യയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ സ്വർഗീയരാജ്യത്തിന്റെ രാജാവായ കർത്താവായ യേശു വിവാഹമെന്ന വിഷയത്തെ ആരംഭത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നു.

ഇവിടെ യുവാക്കളോട് ഒരു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തിൽ ഓരോ വർഷവും നിരവധി വിവാഹമോചനങ്ങൾ നടക്കുന്നു. ചിലർ നിരവധി തവണ വിവാഹം കഴിച്ചു. എത്ര ശോചനീയം! ഒരു ദൈവപൈതൽ ഒരിക്കലും ഒരു വിവാഹമോചനം ചെയ്യരുത്. ഇത് ഗൗരവമേറിയതാണ്. വിവാഹമോചനം ചെയ്യുന്നതും പുനർവിവാഹം കഴിക്കുന്നതും വ്യഭിചാരം ചെയ്യുന്നതാണ്. കഴിഞ്ഞ ദൂതിൽ വ്യഭിചാരം എത്ര ഗുരുതരമാണെന്ന് നാം കണ്ടു. ഇക്കാരണത്താൽ, ഇതുവരെ വിവാഹം കഴിക്കാത്ത യുവാക്കളോട് മുന്നറിയിപ്പിന്റെ ഒരു വാക്ക് സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു: നിസ്സാരമായ ഒരു രീതിയിൽ വിവാഹത്തിലേക്ക് ചാടിവീഴരുത്. നിങ്ങൾ കർത്താവിനോടു പ്രാർഥിക്കുകയും അവന്റെ വ്യക്തമായ നടത്തിപ്പിനുവേണ്ടി കാത്തിരിക്കുകയും വേണം. നിങ്ങളുടെ മോഹങ്ങളാലും ആഗ്രഹങ്ങളാലും ഒരിക്കലും നടത്തപ്പെടരുത്. നിങ്ങൾ ഇതു ചെയ്യുന്നുവെങ്കിൽ അതിനെക്കുറിച്ച് പിന്നീട് ദുഃഖിക്കും. കാരണം, മോഹങ്ങളും ആഗ്രഹങ്ങളും നീണ്ടുനിൽക്കുന്നതല്ല. നിങ്ങൾ വിവാഹം കഴിക്കുന്നതിനുമുമ്പ് കാര്യങ്ങൾ ശ്രദ്ധയോടെ പരിഗണിക്കുന്നതിന് നിങ്ങളുടെ രണ്ടു കണ്ണുകളും തുറന്നിരിക്കണം. എന്നാൽ വിവാഹം കഴിഞ്ഞശേഷം നിങ്ങളുടെ കണ്ണുകൾ അടഞ്ഞിരിക്കണം. 'സ്നേഹം കുരുടാക്കുന്നു, എന്നാൽ വിവാഹമോ നിങ്ങളുടെ കണ്ണുകളെ തുറക്കുന്നു' എന്നൊരു ചൊല്ലുണ്ട്. എന്നാൽ നാം ഈ ചൊല്ലിനെ തിരുത്തണം. നമ്മുടെ കണ്ണുകൾ വിവാഹത്തിനുമുമ്പ് തുറന്നിരിക്കുകയും വിവാഹത്തിനുശേഷം അടഞ്ഞിരിക്കുകയും വേണം. യുവാക്കളേ, നിങ്ങൾ വിവാഹം കഴിക്കുന്നതിനുമുമ്പ് സാഹചര്യത്തിന്റെ എല്ലാ വശത്തെയും കാണുവാനുള്ള കണ്ണുകൾ തരേണ്ടതിന് കർത്താവിനോട് ചോദിക്കുക. എന്നാൽ വിവാഹം കഴിഞ്ഞശേഷം നിങ്ങളുടെ കണ്ണുകൾ അടയ്ക്കുകയും അന്ധരായിരിക്കുകയും വേണം. എല്ലായ്പ്പോഴും നിങ്ങളുടെ ഭർത്താവിനെയോ ഭാര്യയെയോ ഏറ്റവും പ്രിയപ്പെട്ടതായി കണക്കാക്കിക്കൊണ്ട് അന്ധയായ ഒരു ഭാര്യയോ അന്ധനായ ഒരു ഭർത്താവോ ആയിരിക്കുക. നിങ്ങൾ ഇതു ചെയ്യുന്നുവെങ്കിൽ ഒരു വിവാഹമോചനവും ഉണ്ടായിരിക്കുകയില്ല.

അല്പസമയത്തേക്കു മാത്രം അന്യോന്യം അറിഞ്ഞതിനുശേഷം വിവാഹം കഴിക്കുന്ന ഒരു സഹോദരനെയോ സഹോദരിയെയോ

കുറിച്ച് ഞാൻ കേൾക്കുമ്പോഴെല്ലാം ആശ്ചര്യപ്പെട്ടുപോയിട്ടുണ്ട്. തിടുക്കത്തോടെയോ വേഗത്തിലോ വിവാഹം കഴിക്കരുത്. തിടുക്കത്തിലുള്ള ഏതൊരു വിവാഹവും കർത്താവിന്റെ നടത്തിപ്പല്ല. പ്രാർഥന ആവശ്യപ്പെടുന്ന ഏതെങ്കിലും വിഷയമുണ്ടെങ്കിൽ, അത് വിവാഹമാണ്. കർത്താവിന് നിങ്ങളെത്തന്നെ സമർപ്പിക്കുവാൻ ആവശ്യമുള്ള എന്തെങ്കിലുമുണ്ടെങ്കിൽ, അത് നിങ്ങളുടെ വിവാഹമാണ്. വരാനിരിക്കുന്ന നിങ്ങളുടെ വിവാഹത്തിനുവേണ്ടി കർത്താവിന് ഒരു ഹോമയാഗമായി യാഗപീഠത്തിൽ നിങ്ങളെത്തന്നെ അർപ്പിച്ചുകൊണ്ട് നിങ്ങളെത്തന്നെയും മറ്റേ കക്ഷിയെയും കർത്താവിനു സമർപ്പിക്കുക. നിങ്ങളെത്തന്നെ കർത്താവിനു സമർപ്പിച്ചശേഷം അവന്റെ നടത്തിപ്പ് അന്വേഷിക്കുകയും ഒരു സമയത്തേക്ക് അവനായി കാത്തിരിക്കുകയും ചെയ്യുക. അടുത്ത ഒരു മാസത്തേക്കെങ്കിലും കാത്തിരിക്കണമെന്ന് ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ധൃതി കാണിക്കരുത്. ഈ വിഷയത്തിൽ നിങ്ങളുടെ സമയമെടുക്കണമെന്ന് വളരെയധികം അനുഭവമുള്ള പ്രായമായ ഒരു മനുഷ്യനെന്ന നിലയിൽ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. ഒരു വർഷം കഴിഞ്ഞ് നിങ്ങൾ വിവാഹം കഴിക്കുന്നെങ്കിൽപോലും അത് യാതൊരു വ്യത്യാസവും വരുത്തുന്നില്ല. ഒരു പ്രത്യേക വ്യക്തിയെ വിവാഹം കഴിക്കണമെന്നത് കർത്താവിൽ നിന്നുള്ളതാണെങ്കിൽ, ആ വ്യക്തിയെ കർത്താവ് നിങ്ങൾക്കുവേണ്ടി സൂക്ഷിക്കും. നിങ്ങൾ തിരക്കു കൂട്ടേണ്ട ആവശ്യമില്ല. കൂടാതെ, നിങ്ങളുടെ സ്വന്തം ഇഷ്ടം, തിരഞ്ഞെടുപ്പ്, നടത്താതിരിക്കുക. കർത്താവിന്റെ ഹിതത്തിലും കർത്താവിന്റെ സമയത്തിലും തൃപ്തനായിരിക്കുക. ഇത് വിവാഹമോചനത്തിന്റെ സാധ്യതയിൽനിന്നും നിങ്ങളെ രക്ഷിക്കും.

ഒരിക്കൽ നിങ്ങളുടെ വിവാഹം കഴിഞ്ഞാൽ, നിങ്ങൾ കുരുടനായിരിക്കണം എന്ന് ഞാൻ പിന്നെയും പറയുന്നു. കുരുടന്മാരായ ഭർത്താക്കന്മാരും ഭാര്യമാരും അനുഗൃഹീതരാകുന്നു. തന്റെ ഭർത്താവിനെ സംബന്ധിച്ച് വ്യക്തമായ കാഴ്ച ഉണ്ടായിരിക്കുവാൻ ശ്രമിക്കുന്ന ഭാര്യ കഷ്ടമനുഭവിക്കും, എന്നാൽ വ്യക്തമായ കാഴ്ച ഉണ്ടായിരിക്കുവാൻ ശ്രമിക്കാത്തവൾ ജീവനെ ആസ്വദിക്കും. അവൾക്ക് ആകാശം നീലയും, സൂര്യൻ പ്രകാശിക്കുന്നതും, വായു പുതുമയുള്ളതും ആണ്. അവളുടെ ഭർത്താവിന്റെ എല്ലാ തെറ്റുകളും കണ്ടെത്തുവാൻ അവൾ അന്വേഷിക്കുന്നില്ല. അവളുടെ ഭർത്താവിനുവേണ്ടി കർത്താവിനെ സ്തുതിക്കുവാൻ മാത്രമേ അവൾക്ക് കഴിയൂ.

## G. ആണയിടുന്നതിനെ സംബന്ധിച്ച്

### *1. പഴയ പ്രമാണം—കള്ളസത്യം ചെയ്യരുത്, മറിച്ച് കർത്താവിനോടുള്ള നിങ്ങളുടെ ശപഥം പാലിക്കുക*

വാക്യം 33 പറയുന്നു, "പിന്നെയും, നീ ശപഥം ലംഘിക്കരുത്,

എന്നാൽ നിന്റെ ശപഥങ്ങളെ കർത്താവിന് നിർവഹിക്കേണം എന്ന് പൂർവികരോട് അരുളിച്ചെയ്യതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." ആണയിടുന്നതിനെക്കുറിച്ചുള്ള പഴയ പ്രമാണമാണിത്.

### *2. പുതിയ പ്രമാണം—അശേഷം ആണയിടരുത്*

34 മുതൽ 36 വരെയുള്ള വാക്യങ്ങളിൽ ആണയിടുന്നതിനെക്കുറിച്ചുള്ള കർത്താവിന്റെ പുതിയ പ്രമാണത്തെ നാം കാണുന്നു: അത് അശേഷം ആണയിടരുത് എന്നതാണ്. രാജ്യത്തിന്റെ പുതിയ പ്രമാണം രാജ്യജനത്തെ ഏതെങ്കിലും വിധത്തിൽ—സ്വർഗത്തെക്കൊണ്ടോ, ഭൂമിയെക്കൊണ്ടോ, യെരൂശലേമിനെക്കൊണ്ടോ, തങ്ങളുടെ തലയെക്കൊണ്ടോ—ആണയിടുന്നതിൽനിന്ന് വിലക്കുന്നു. കാരണം സ്വർഗവും ഭൂമിയും യെരൂശലേമും അവരുടെ തലയും അവരുടെ നിയന്ത്രണത്തിൻ കീഴിലല്ല, ദൈവത്തിന്റെ നിയന്ത്രണത്തിൻ കീഴിലാണ്. സ്വർഗത്തെക്കൊണ്ടും ഭൂമിയെക്കൊണ്ടും നാം ആണയിടരുത്, കാരണം അവ നമ്മുടേതല്ല. അതുപോലെ, യെരൂശലേമിനെക്കൊണ്ടും നാം ആണയിടരുത്, കാരണം മഹാരാജാവിന്റെ നഗരമായതിനാൽ അത് നമ്മുടെ ഭൂപ്രദേശമല്ല. നമ്മുടെ തലയെക്കൊണ്ടും നാം ആണയിടരുത്, കാരണം നമുക്ക് "ഒരു രോമം വെളുപ്പിക്കുവാനോ കറുപ്പിക്കുവാനോ കഴിയുകയില്ല." ഈ എല്ലാ കാര്യങ്ങളും—സ്വർഗവും, ഭൂമിയും, യെരൂശലേമും, നമ്മുടെ തലയിലെ രോമങ്ങളുംപോലും—നമ്മുടെ നിയന്ത്രണത്തിൻ കീഴിലല്ല. നാം ആരുമല്ല, നാം യാതൊന്നും നിയന്ത്രിക്കുന്നുമില്ല.

വാക്യം 37-ൽ കർത്താവു പറയുന്നു, "എന്നാൽ നിങ്ങളുടെ വാക്ക് ഉവ്വ് ഉവ്വ്, ഇല്ല ഇല്ല എന്നാകട്ടെ: എന്തെന്നാൽ ഇവിയിലധികമായത് ദുഷ്ടനായവനിൽനിന്ന് ആകുന്നു." രാജ്യജനത്തിന്റെ വാക്ക് ലളിതവും സത്യവും ആയിരിക്കണം: നിരവധി വാക്കുകൾകൊണ്ട് ബോധ്യപ്പെടുത്താതെ "ഉവ്വ് ഉവ്വ്: ഇല്ല ഇല്ല" എന്നായിരിക്കണം. നമ്മുടെ വാക്കുകൾ ചുരുക്കവും വ്യക്തവുമായിരിക്കണം. സത്യസന്ധരായവർ വളരെയധികം സംസാരിക്കാറില്ല. എന്നാൽ സംസാരപ്രിയരെ സൂക്ഷിക്കുക: അവർ നുണയന്മാരായിരിക്കാം. നുണയന്മാർ കാര്യങ്ങളെച്ചൊല്ലി എപ്പോഴും അനേകം കാരണങ്ങളും ഒഴികഴിവുകളും തന്നുകൊണ്ട് വളരെ സംസാരിക്കുന്നവരാണ്. എന്നാൽ സത്യസന്ധനായ ഒരുവൻ പൊതുവെ ചുരുക്കമായി സംസാരിക്കുന്നു. കൂടാതെ, ദൈവസന്നിധിയിലുള്ള അധികസംസാരം കർത്താവിനെ സന്തോഷിപ്പിക്കുന്നില്ല എന്നു നാം തിരിച്ചറിയണം. നാം കർത്താവിന്റെ അടുക്കൽ പോകുമ്പോൾ ചുരുക്കമായ രീതിയിൽ അവനോട് കാര്യങ്ങൾ പറഞ്ഞുകൊണ്ട് സത്യസന്ധതയിൽ നാം അവന്റെ അടുക്കൽ പോകണം.

വളച്ചുകെട്ടില്ലാത്ത ഒരു ഉവ്വ് അഥവാ ഇല്ല എന്നതിനെക്കാൾ അധികമായത് ദുഷ്ടനിൽനിന്നു വരുന്നുവെന്ന് വാക്യം 37-ൽ കർത്താവു പറയുന്നു. ഇവിടെ നിർണ്ണായകമായ ഒരു കാര്യത്തിലേക്കു നാം വരുന്നു: നമ്മുടെ സംസാരത്തിൽ ദുഷ്ടൻ ഉണ്ടായിരിക്കാം. ആവശ്യത്തിലധികമായ വാക്കുകൾ നാം സംസാരിക്കുമ്പോൾ ആ വാക്കുകൾ നമ്മുടേതല്ല, ദുഷ്ടനായ പിശാചിന്റേതാണ്. നമ്മുടെ സംസാരത്തിൽ ദുഷ്ടൻ നമ്മോടുകൂടെയുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. പ്രത്യേകിച്ചും വിവാഹജീവിതത്തിൽ ഇതു സത്യമാണ്. മറ്റുള്ളവരോട് നാം അത്രയധികമൊന്നും സംസാരിക്കുകയില്ലെങ്കിലും, ഒരു ഭർത്താവും ഭാര്യയും തമ്മിൽ അധികസംസാരം ഉണ്ടായിരിക്കുക എളുപ്പമാണ്. ഒരു പരിതാപകരമായ വിവാഹം ഒഴിവാക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളും നിങ്ങളുടെ ഭർത്താവും അഥവാ ഭാര്യയും തമ്മിൽ അയഞ്ഞ സംസാരം ഇല്ലാതിരിക്കട്ടെ. ജാഗ്രതയുള്ളവരായിരിക്കുക! നിങ്ങൾ സംസാരിക്കുമ്പോൾ ദുഷ്ടൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കാം. ഇത് എന്റെ വാക്കല്ല: ഇത് കർത്താവിന്റെ വാക്കാണ്. നമ്മുടെ അധികസംസാരത്തിലൂടെ ദുഷ്ടൻ അവനെത്തന്നെ പ്രകടമാക്കുവാനുള്ള അവസരം അന്വേഷിക്കുന്നു എന്നതിന്റെ ശക്തമായ ഒരു സൂചനയാണ് ഈ വാക്യത്തിലുള്ള കർത്താവിന്റെ വാക്ക്. വളരെയധികം സംസാരിക്കാതിരിക്കുക. ആവശ്യത്തിനുമാത്രം സംസാരിക്കുക. അതിന് അപ്പുറം പോകാതിരിക്കുക. ആവശ്യത്തിലധികം പോകുന്നുവെങ്കിൽ, ദുഷ്ടൻ ആവിഷ്കരിക്കപ്പെടും. നിങ്ങൾ ഈ ഉപദേശത്തെ പിൻപറ്റുന്നുവെങ്കിൽ നിങ്ങൾ വളരെ സന്തോഷമുള്ള ഒരു ഭർത്താവോ ഭാര്യയോ ആയിരിക്കും. എങ്കിലും, നിങ്ങൾ അധികം സംസാരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് പ്രയാസമുണ്ടാകും. ഇത് അഗാധകൂപത്തിന്റെ തണ്ട് തുറക്കുകയും ഭൂതങ്ങളെ പുറത്തുവരാൻ അനുവദിക്കുകയും ചെയ്യും. ആവശ്യമായതു മാത്രം സംസാരിക്കുവാൻ നാം പഠിക്കണം. നിരവധി വാക്കുകളാൽ മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ ഒരിക്കലും ശ്രമിക്കരുത്. ഇങ്ങനെയുള്ള ബോധ്യപ്പെടുത്തുന്ന വാക്കുകൾ വിശ്വസനീയമല്ല: മറിച്ച് അവ ദുഷ്ടനിൽനിന്നു വരുന്ന വ്യാജങ്ങളാണ്.

## H. ദുഷ്ടനെ ചെറുക്കുന്നതിനെ സംബന്ധിച്ച്

### *1. പഴയ പ്രമാണം—കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്*

ഇനി നാം കർത്താവിനാൽ മാറ്റംവരുത്തപ്പെട്ട മൂന്നാമത്തെ പ്രമാണത്തിലേക്ക്, ദുഷ്ടനെ ചെറുക്കുന്നതിനെ സംബന്ധിച്ച പ്രമാണത്തിലേക്ക് വരുന്നു. വാക്യം 38 പറയുന്നു, "കണ്ണിനു പകരം

കണ്ണ്, പല്ലിനു പകരം പല്ല് എന്ന് അരുളിച്ചെയ്യതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." ഇത് പഴയ പ്രമാണമാണ്.

### *2. പുതിയ പ്രമാണം—ചെറുക്കരുത്*

വാക്യം 39-ൽ കർത്താവു പറയുന്നു, "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ദുഷ്ടനെ ചെറുക്കരുത്; മറിച്ച്, നിന്റെ വലതു കവിളത്തടിക്കുന്നവന് മറു കവിളുംകൂടി തിരിച്ചുകാണിക്കുക." പുതിയ പ്രമാണം ദുഷ്ടനായവനെ ചെറുക്കാതിരിക്കുന്നതാണ്. ഒരുവൻ നമ്മുടെ വലതു കവിളിൽ അടിക്കുമ്പോൾ നാം മറ്റേതു കൂടി അവനു തിരിക്കണമെന്ന് ഈ വാക്യത്തിൽ കർത്താവു പറഞ്ഞു. ഇങ്ങനെ ചെയ്യുന്നതു സൂചിപ്പിക്കുന്നത് ചെറുത്തുനില്പ് ഇല്ലെന്നാണ്. വാക്യം 40 പറയുന്നു, "നിന്നോട് വ്യവഹരിച്ച് നിന്റെ ഉള്ളുടുപ്പ് എടുക്കുവാൻ ഇച്ഛിക്കുന്നവന് നിന്റെ മേലങ്കി കൂടി വിട്ടുകൊടുക്കുക." നിങ്ങളുടെ ഉള്ളുടുപ്പ്, കുപ്പായം പോലെയുള്ള അടിവസ്ത്രം, അവകാശപ്പെടുന്നുവെങ്കിൽ, നിങ്ങളുടെ മേലങ്കി കൂടി അവനു കൊടുക്കുക. നിങ്ങൾക്ക് യാതൊരു ചെറുത്തുനിൽപ്പും ഇല്ലെന്ന് ഇത് തെളിയിക്കും. വാക്യം 41-ൽ കർത്താവു പറയുന്നു, "നിന്നെ ഒരു മൈൽദൂരം പോകുവാൻ നിർബന്ധിക്കുന്നവനേ ാടുകൂടെ രണ്ടു മൈൽ ദൂരം പോകുക." അടിക്കുന്നവന് മറ്റേ കവിൾ തിരിച്ചുകാണിക്കുന്നതും, വ്യവഹരിക്കുന്നവന് മേലങ്കി വിട്ടുകൊടുക്കുന്നതും, നിർബന്ധിക്കുന്നവനോടുകൂടെ രണ്ടാമത്തെ മൈൽ പോകുന്നതും തെളിയിക്കുന്നത് രാജ്യജനത്തിന് ചെറുക്കു ന്നതിനുപകരം കഷ്ടംസഹിക്കുവാനും, സൗമ്യതയുള്ളവരായിരി ക്കുവാനും, തങ്ങളുടെ സ്വന്തം താല്പര്യത്തിനുവേണ്ടി ജഡത്തിലോ ദേഹിയിലോ നടക്കാതെ രാജ്യത്തിനുവേണ്ടി ആത്മാവിൽ നടക്കുവാനുമുള്ള ശക്തി ഉണ്ടെന്നാണ്.

ഒരുവൻ നിങ്ങളുടെ അടുത്തുവന്ന് നിങ്ങളുടെ ഉടുപ്പ് ആവശ്യപ്പെടുകയും നിങ്ങൾ അവന് നിങ്ങളുടെ ജാക്കറ്റുംകൂടി കൊടുക്കുന്നുവെന്നും കരുതുക. ഒരുപക്ഷേ അവന് പത്തു ജാക്കറ്റുകൾ കൊടുക്കാനുള്ള പ്രാപ്തി നിങ്ങൾക്കുണ്ട്. നിങ്ങളുടെ ജാക്കറ്റ് അവന് കൊടുക്കുവാൻ നിങ്ങളെ അനുവദിക്കുന്ന സാമ്പത്തിക സ്ഥിതി നിങ്ങൾക്കുണ്ടോ എന്നതല്ല ഇവിടത്തെ പ്രശ്നം. ഇതു ചെയ്യുവാൻ നിങ്ങളുടെ സംയമം നിങ്ങളെ അനുവദിക്കുന്നുവോ എന്നതാണ് പ്രശ്നം. ഒരുവൻ നിങ്ങളുടെ ഉടുപ്പ് ആവശ്യപ്പെടുന്നുവെങ്കിൽ നിങ്ങളുടെ കോപം ഉണർത്തപ്പെടും. അങ്ങനെ, അത് ഒരു ഉടുപ്പിന്റെയോ ഒരു ജാക്കറ്റിന്റെയോ വിഷയമല്ല, പ്രത്യുത നിങ്ങളുടെ സംയമത്തിന്റെ വിഷയമാണ്. വലതു കവിളത്ത് അടിക്കുന്നതോ ഒരു മൈൽ നടക്കുവാൻ നിർബന്ധിക്കുന്നതോ ആയ കാര്യങ്ങളും തത്ത്വത്തിൽ അങ്ങനെ തന്നെയാണ്.

കണ്ണിനു പകരം കണ്ണ് അവകാശപ്പെട്ടുകൊണ്ട് ചെറുക്കുന്നതിന്റെ അർഥം നിങ്ങളുടെ കോപത്തെ നിങ്ങൾ വിടുവിക്കുന്നു എന്നാണ്. നമ്മുടെ കോപത്തെ തൃപ്തിപ്പെടുത്തുവാൻ നമുക്കു കഴിയുകയില്ലെന്നാണ് കർത്താവ് ഇവിടെ പറയുന്നത്. നമ്മുടെ കോപമെന്ന "തുരപ്പനെ" വിടുവിക്കുന്നതിനുപകരം നാം അതിനെ കൊല്ലണം. നിങ്ങളുടെമേൽ അവകാശം ഉന്നയിക്കുന്നവനുമായി ഇടപെടാതിരിക്കുക; നിങ്ങളുടെ കോപത്തോട് ഇടപെടുക. പ്രശ്നം നിങ്ങളുടെ എതിരാളിയല്ല; അത് നിങ്ങളുടെ കോപമാണ്. നിങ്ങൾ എവിടെയാണെന്ന് തുറന്നുകാണിക്കുവാനും, നിങ്ങളുടെ കോപമെന്ന "തുരപ്പൻ" ഇപ്പോഴും നിങ്ങളുടെ ഉള്ളിൽ പതുങ്ങിയിരിക്കുന്നുവെന്ന് തെളിയാക്കാനുമുള്ള ഒരു പരീക്ഷയായി നിങ്ങളുടെ ഉള്ളങ്കി അവകാശപ്പെടുവാൻ കർത്താവ് ഒരുവനെ അനുവദിക്കുന്നു. നാം ആത്മികജനം, രാജ്യജനംപോലും ആണെങ്കിലും, നമ്മുടെ കോപം ഇപ്പോഴും നമ്മുടെ ഉള്ളിൽ മറഞ്ഞിരിക്കുന്നു; അത് തുറന്നു കാട്ടപ്പെടണം. നിങ്ങളിൽനിന്ന് അവകാശമുന്നയിക്കുന്നവൻ ഈ ചെറിയ "തുരപ്പനെ" തുറന്നുകാട്ടുന്നു. ഒരുവൻ നിങ്ങളുടെ ഉള്ളുടുപ്പ് അവകാശപ്പെടുന്നുവെങ്കിൽ, "ഞാൻ നിനക്ക് ഒന്നിനും കടംപെട്ടിരിക്കുന്നില്ല! എന്തുകൊണ്ടാണ് നീ എന്റെ അടുക്കൽ വരുന്നത്?" എന്നു നിങ്ങൾ പറഞ്ഞേക്കാം. അവകാശമുന്നയിക്കുന്നവനെ പഴിചാരരുത്—കർത്താവാണ് അവനെ അയച്ചത്—നിങ്ങളുടെ കോപമെന്ന "തുരപ്പനെ" കൊല്ലുക. കോപം പ്രദർശിപ്പിക്കുന്നതിനുപകരം അവനോടു പറയുക, "നിനക്ക് എന്റെ ഉള്ളുടുപ്പ് വേണ്ടതിനാൽ ഞാൻ എന്റെ മേൽവസ്ത്രവും നിനക്കു തരും." നിങ്ങളുടെ കോപം കൊല്ലപ്പെട്ടിരിക്കുന്നുവെന്ന് ഇത് തെളിയിക്കുന്നു. എല്ലാ രാജ്യജനവും ഇങ്ങനെ പറയുവാൻ പ്രാപ്തരായിരിക്കണം, "എത്രയധികം അന്യായമായ അവകാശങ്ങൾ നിങ്ങൾ എന്റെമേൽ വച്ചാലും, എന്റെ കോപം ഉണർത്തപ്പെടുകയില്ല. ഞാൻ അപ്പോഴും നിങ്ങളെ സ്നേഹിക്കുന്നു; എനിക്കുള്ളതെല്ലാം നിങ്ങളുമായി പങ്കുവയ്ക്കുവാനും ഞാൻ മനസ്സുള്ളവനാണ്. നിങ്ങൾക്ക് എന്റെ ഉടുപ്പ് വേണമെങ്കിൽ, ഞാൻ എന്റെ ജാക്കറ്റും സന്തോഷത്തോടെ തരാം." രാജ്യജനത്തിന്റെ മനോഭാവം എല്ലായ്പ്പോഴും ഇങ്ങനെയായിരിക്കണം.

Mon ഞാൻ വീണ്ടും പറയുന്നു, ഇവിടെ പ്രശ്നം പണത്തിന്റേതല്ല, പിന്നെയോ നമ്മുടെ കോപത്തിന്റേതാണ്. 39 മുതൽ 41 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന എല്ലാ വിഷയങ്ങളും നമ്മുടെ കോപത്തെ സ്പർശിക്കുന്നു. മഹാധനികന്മാർക്ക് ആയിരക്കണക്കിന് ഡോളർ കൊടുക്കുവാൻ പ്രാപ്തിയുണ്ട്. എന്നാൽ അവർ പലപ്പോഴും വെറും ഇരുപത്തഞ്ചു സെന്റിനെച്ചൊല്ലി ഒരു ടാക്സി ഡ്രൈവറോട് അവരുടെ കോപം പ്രദർശിപ്പിക്കുന്നു. പണം യാതൊന്നും അർഥമാക്കുന്നില്ല; ഇത് കോപത്തിന്റെ വിഷയമാണ്. രാജ്യജനമായ നാം നമ്മുടെ കോപത്തിനു മുകളിലായിരിക്കണം.

വാക്യം 42-ൽ കർത്താവു പറയുന്നു, "നിന്നോട് ചോദിക്കുന്നവന് കൊടുക്കുക: നിന്നിൽനിന്ന് വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനിൽ നിന്ന് തിരിഞ്ഞുപോകുകയും അരുത്." കൊടുക്കുകയും വായ്പ വാങ്ങുന്നവനിൽനിന്നു തിരിഞ്ഞുപോകാതിരിക്കുകയും ചെയ്യുക എന്നതു തെളിയിക്കുന്നത് രാജ്യജനം ഭൗതിക സമ്പത്തിനുവേണ്ടി വിചാരപ്പെടുന്നില്ലെന്നും അവയാൽ പിടിക്കപ്പെട്ടിട്ടില്ലെന്നുമാണ്. എങ്കിലും യഥാർത്ഥ പ്രശ്നം ഭൗതിക സമ്പത്തല്ല. ചോദിക്കുന്നവനോ വായ്പ വാങ്ങുന്നവനോ കൊടുക്കുന്നത് നമ്മുടെ ആളത്തത്തെ സ്പർശിക്കുന്നു. ഭൗതിക സമ്പത്തിനെ സംബന്ധിച്ച് നമുക്ക് വിവേചനം ഇല്ലാതിരിക്കണമെന്നും വിവേകരഹിതമായ രീതിയിൽ പെരുമാറണമെന്നുമല്ല കർത്താവു പറയുന്നത്. അവൻ പറയുന്നത് നാം ഭൗതിക കാര്യങ്ങളുടെയും നമ്മുടെ കോപത്തിന്റെയും മുകളി ലായിരിക്കണമെന്നാണ്. ഇത്തരം കാര്യത്താൽ ഒരിക്കലും നമ്മുടെ കോപത്താൽ ഉത്തേജിപ്പിക്കപ്പെടുകയും ഭൗതിക കാര്യങ്ങളാൽ സ്പർശിക്കപ്പെടുകയും അരുത്. ഇതാണ് രാജ്യജനത്തിന്റെ ജയിക്കുന്ന മനോഭാവം. നാം അമിതമായ ഉദാരമനസ്കരോ പണം കൈകാര്യം ചെയ്യുന്നതിൽ അശ്രദ്ധരോ ആണെന്ന് ഇതിനർത്ഥമില്ല. നിങ്ങൾ പണം ചെലവാക്കുന്ന രീതിയിൽ വളരെ ശ്രദ്ധയുള്ളവനാ യിരിക്കാമെങ്കിലും, വാക്യം 42-ൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള ഒരു സമയം വരുമ്പോൾ നിങ്ങൾ ഭൗതിക സമ്പത്തുകൾക്കു മുകളിലും, നിങ്ങളുടെ കോപത്തിനു മുകളിലും ആയിരിക്കും. ഒരു അവകാശവും നിങ്ങളുടെ കോപത്തെ ഉത്തേജിപ്പിക്കുകയില്ല. പഴയ പ്രമാണം ജനത്തിന്റെ കോപത്തെയോ അവരുടെ ഹൃദയത്തെയോ സ്പർശിച്ചില്ല. എന്നാൽ പുതിയ പ്രമാണം, മാറ്റപ്പെട്ട പ്രമാണം, നമ്മുടെ കോപത്തെയും നമ്മുടെ ഹൃദയത്തെയും സ്പർശിക്കുന്നു.

## I. ശത്രുക്കളെ സംബന്ധിച്ച്

### *1. പഴയ പ്രമാണം—നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കുകയും നിങ്ങളുടെ ശത്രുവിനെ വെറുക്കുകയും ചെയ്യുക*

ഇപ്പോൾ നാം കർത്താവിനാൽ മാറ്റംവരുത്തപ്പെട്ട അവസാനത്തെ പ്രമാണത്തിലേക്ക്, ശത്രുവിനെ സംബന്ധിച്ച പ്രമാണത്തിലേക്കു വരുന്നു. വാക്യം 43 പറയുന്നു, "നിന്റെ അയൽക്കാരനെ സ്നേഹിക്കുകയും നിന്റെ ശത്രുവിനെ വെറുക്കുകയും ചെയ്യുക എന്ന് അരുളിച്ചെയ്തതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." നിയമപരമായി പറഞ്ഞാൽ, പഴയ പ്രമാണം ന്യായവും നീതിയുമുള്ളതാണ്; കാരണം ഒരു നല്ല അയൽക്കാരൻ നമ്മുടെ സ്നേഹം അർഹിക്കുകയും ഒരു ശത്രു നമ്മുടെ വെറുപ്പ് അർഹിക്കുകയും ചെയ്യുന്നു. അങ്ങനെ, ഒരു അയൽക്കാരനെ

സ്നേഹിക്കുന്നതും ഒരു ശത്രുവിനെ വെറുക്കുന്നതും ശരിയും ന്യായവുമാണ്.

### 2. പുതിയ പ്രമാണം—നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുകയും നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക

വാക്യം 44 പറയുന്നു, "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ." ഒരിക്കൽക്കൂടി, ഇത് നമ്മുടെ ആളത്തത്തെ സ്പർശിക്കുന്ന ഒരു കാര്യമാണ്. നിങ്ങളുടെ അയൽക്കാരെ നിങ്ങൾ സ്നേഹിക്കുവാനുള്ള കാരണം നിങ്ങളുടെ അനുഭൂതിയനുസരിച്ച് അവർ നല്ലവരാകുന്നു എന്നതാണ്. നിങ്ങളുടെ അയൽക്കാർ നിങ്ങളുടെ അനുഭൂതിയോട് ഒത്തിരിക്കുന്നെങ്കിലും, ശത്രു അങ്ങനെയല്ല. പകരം, അവൻ നിങ്ങളുടെ കോപത്തെ ഉത്തേജിപ്പിക്കുന്നു. അതുനിമിത്തം നമ്മുടെ ശത്രുക്കളെ സ്നേഹിക്കുന്നത് ഒരു പരീക്ഷയാണ്. നിങ്ങൾ മത്തായി അഞ്ചും ആറും ഏഴും അധ്യായങ്ങൾ വായിക്കുന്നുവെങ്കിൽ, നമ്മുടെ സ്വാഭാവിക ആളത്തത്തെ ഈ സ്വർഗീയ ഭരണഘടന ഒരു ഇഞ്ചുപോലും അനുവദിക്കുന്നില്ല എന്നു നിങ്ങൾ കാണും. മറിച്ച്, നമ്മിലുള്ള എല്ലാ രോഗാണുക്കളെയും അതു കൊല്ലുന്നു. നിങ്ങളുടെ സ്വാഭാവിക തിരഞ്ഞെടുപ്പിനോട് ശത്രു യോജിക്കാത്തതുകൊണ്ട് നിങ്ങളുടെ ശത്രുവിനെ നിങ്ങൾ വെറുക്കുകയും, നിങ്ങളുടെ നല്ല അയൽക്കാരൻ നിങ്ങളുടെ സ്വാഭാവിക അഭിരുചിയോട് ഇണങ്ങുന്നതുകൊണ്ട് നിങ്ങൾ അവനെ സ്നേഹിക്കുകയും ചെയ്യുന്നു. . നിങ്ങൾക്ക് നല്ല അയൽക്കാർ മാത്രം ഉണ്ടായിരിക്കുവാൻ കർത്താവ് ക്രമീകരിച്ചിരുന്നുവെങ്കിൽ നിങ്ങൾ ഒരു ദൂതനെപ്പോലെ പെരുമാറുകയും, "കർത്താവേ, ഇങ്ങനെ സ്നേഹമുള്ള അയൽക്കാരെ എനിക്ക് തന്നതിനായി ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു" എന്നു പറയുകയും ചെയ്യുമായിരുന്നു. എന്നാൽ കർത്താവ് നല്ല അയൽക്കാരെ മാത്രം നിങ്ങൾക്ക് ക്രമീകരിച്ചു തരുകയില്ല. അവരിൽ കുറച്ചുപേരെങ്കിലും പ്രശ്നക്കാരായിരിക്കുകയും, നിങ്ങളുടെ ഉള്ളിലുള്ളത് തുറന്നുകാണിക്കുവാൻ കർത്താവ് അവരെ ഉപയോഗിക്കുകയും ചെയ്യും. പ്രയാസമുള്ള ഈ അയൽക്കാരെ നിങ്ങൾ സ്നേഹിക്കുമോ എന്ന് അവൻ നിങ്ങളോടു ചോദിക്കും. അത് വളരെ പ്രയാസമാണെന്ന് ഒരുപക്ഷേ നിങ്ങൾ പറയും. അത് പ്രയാസമായിരിക്കുന്നതിനുള്ള കാരണം അവർ നിങ്ങളുടെ ആളത്തത്തിനും നിങ്ങളുടെ സ്വാഭാവിക അനുഭൂതിക്കും എതിരാകുന്നു എന്നതാണ്. നിങ്ങളാൽത്തന്നെയാണോ അതോ ക്രിസ്തുവിനാലാണോ നിങ്ങൾ ജീവിക്കുന്നതെന്ന് തെളിയിക്കാനുള്ള ഒരു പരീക്ഷയാണിത്. ചിലപ്പോൾ നിങ്ങളുടെ അയൽക്കാരെക്കാൾ

കൂടുതൽ നിങ്ങളുടെ ശത്രുക്കളെ ക്രിസ്തു സ്നേഹിക്കുന്നുണ്ടാകും; അങ്ങനെ നിങ്ങൾ ക്രിസ്തുവിനെ അനുഗമിക്കണം. എങ്കിലും ഇത് ബാഹ്യമായ വെറുമൊരു പ്രവൃത്തിയല്ല.

ഈ എല്ലാ പ്രമാണങ്ങളും നമ്മുടെ ആളത്തത്തെ സ്പർശിക്കുകയും നമ്മെ ക്രൂശിൽ വയ്ക്കുകയും ചെയ്യുന്നു. എല്ലാ ഭർത്താക്കന്മാരെയും ഭാര്യമാരെയും ക്രൂശിക്കുവാൻ വിവാഹമോചനത്തെ സംബന്ധിച്ച ഒരു കല്പന മതി. കൂടാതെ, ഉവ്വെന്നും ഇല്ലെന്നും പറയുന്നതിനെക്കുറിച്ചുള്ള വചനവും നമ്മെ ക്രൂശിൽ തറയ്ക്കുന്നു. ദുഷ്ടനെ ചെറുക്കാതിരിക്കുന്നതിനെയും, പ്രത്യേകിച്ചും നമ്മുടെ ശത്രുക്കളെ വെറുക്കാതിരിക്കുന്നതിനെയും കുറിച്ചുള്ള കാര്യത്തിലും അങ്ങനെ തന്നെയാണ്. ഈ എല്ലാ പ്രമാണങ്ങളും നമ്മുടെ സ്വാഭാവിക മനുഷ്യനെയും, നമ്മുടെ സ്വാഭാവിക അഭിരുചിയെയും, നമ്മുടെ കോപത്തെയും കൊല്ലുന്നു.

*a. സ്വർഗീയ പിതാവിന്റെ പുത്രന്മാരായി പെരുമാറുന്നത്*

വാക്യം 45 പറയുന്നു, "അങ്ങനെ നിങ്ങൾ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ പുത്രന്മാരായിത്തീരേണ്ടതിനു തന്നേ." "നിങ്ങളുടെ പിതാവിന്റെ പുത്രന്മാർ" എന്ന അഭിധാനം മലമുകളിൽവച്ചുള്ള പുതിയ രാജാവിന്റെ വിളംബരത്തിന്റെ ശ്രോതാക്കളായ രാജ്യജനം പുതിയനിയമത്തിലെ വീണ്ടുംജനിച്ച വിശ്വാസികളാണെന്നതിന്റെ ശക്തമായ ഒരു തെളിവാണ്. നമ്മുടെ പിതാവിന്റെ പുത്രന്മാരെന്ന നിലയിൽ നല്ലവനോടും നീതിമാനോടും എന്നപോലെ ദുഷ്ടനോടും നീതികെട്ടവനോടും നാം ഇടപെടുകയും (വാ. 45), നമ്മെ സ്നേഹുക്കുന്നവരെ മാത്രമല്ല, നമ്മെ സ്നേഹിക്കാത്തവരെയും നാം സ്നേഹിക്കുകയും (വാ. 46), സഹോദരന്മാരെ മാത്രമല്ല, മറ്റുള്ളവരെയും നാം വന്ദനം ചെയ്യുകയും വേണം (വാ. 47).

പിതാവ് "ദുഷന്മാരുടെയും നല്ലവരുടെയുംമേൽ തന്റെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുകയും നീതിമാന്മാരുടെയും നീതികെട്ടവരുടെയുംമേൽ മഴ അയയ്ക്കുകയും ചെയ്യുന്നു" എന്നും വാക്യം 45 പറയുന്നു. നീതിമാന്മാരുടെയും നീതികെട്ടവരുടെയുംമേൽ മഴ അയയ്ക്കുന്നത് കൃപായുഗത്തിലാണ്; എന്നാൽ വരുന്ന യുഗമായ രാജ്യയുഗത്തിൽ നീതികെട്ടവരുടെമേൽ മഴപെയ്യുകയില്ല (സെഖ. 14:17-18).

വാക്യം 46-ൽ കർത്താവ് ഒരു ചോദ്യം ചോദിക്കുന്നു: "എന്തെന്നാൽ നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലം ഉണ്ട്? ചുങ്കക്കാരും അങ്ങനെതന്നെ ചെയ്യുന്നില്ലയോ?" രാജ്യത്തിന്റെ പുതിയ പ്രമാണത്തെ അതിന്റെ യാഥാർഥ്യത്തിൽ പാലിക്കുന്ന രാജ്യജനത്തിന് രാജ്യത്തിന്റെ പ്രത്യക്ഷതയിൽ ഒരു പ്രതിഫലം നൽകപ്പെടും. പ്രതിഫലം

രക്ഷയിൽനിന്നു വ്യത്യസ്തമാണ്. ചിലർ രക്ഷിക്കപ്പെടാമെങ്കിലും ഒരു പ്രതിഫലം സ്വീകരിക്കുവാൻ യോഗ്യരാകണമെന്നില്ല.

### *b. സ്വർഗസ്ഥനായ പിതാവിനെപ്പോലെ തികഞ്ഞവനായിരിക്കുന്നത്*

വാക്യം 48 പറയുന്നു, "ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ." സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ രാജ്യജനം തികഞ്ഞവരായിരിക്കുന്നത് അവന്റെ സ്നേഹത്തിൽ തികഞ്ഞവരായിരിക്കുന്നതാണ്. അവർ പിതാവിന്റെ ദിവ്യജീവനും ദിവ്യപ്രകൃതവുമുള്ള പിതാവിന്റെ മക്കളാണ്. അതിനാൽ അവർക്ക് പിതാവിനെപ്പോലെ തികഞ്ഞവരായിരിക്കുവാൻ കഴിയും. രാജ്യത്തിന്റെ പുതിയ പ്രമാണത്തിന്റെ ആവശ്യകത പഴയ യുഗത്തിന്റെ പ്രമാണത്തിന്റെ അനുശാസനയെക്കാൾ വളരെ ഉയർന്നതാണ്. ഈ ഉയർന്ന ആവശ്യകത അവരുടെ സ്വാഭാവിക ജീവനാലല്ല, പിതാവിന്റെ ദിവ്യജീവനാൽ മാത്രമേ സന്ധിക്കുവാൻ കഴിയുകയുള്ളൂ. സ്വർഗരാജ്യം ഏറ്റവും ഉന്നതമായ ആവശ്യകതയും, പിതാവിന്റെ ദിവ്യജീവൻ ആ ആവശ്യകതയെ സന്ധിക്കുന്ന ഏറ്റവും ഉന്നതമായ സഹായവും ആണ്. സുവിശേഷങ്ങൾ ആദ്യമായി മത്തായിയുടെ സുവിശേഷത്തിൽ സ്വർഗരാജ്യത്തിന്റെ ഏറ്റവും ഉന്നതമായ ആവശ്യകതയെ അവതരിപ്പിക്കുകയും, അവസാനമായി യോഹന്നാന്റെ സുവിശേഷത്തിൽ നാം സ്വർഗരാജ്യത്തിന്റെ ജീവിതം നയിക്കത്തക്കവണ്ണം സ്വർഗീയ പിതാവിന്റെ ദിവ്യജീവന്റെ ഏറ്റവും ഉന്നതമായ സഹായം നമുക്കു നൽകുകയും ചെയ്യുന്നു. മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളിലെ രാജ്യത്തിന്റെ പുതിയ പ്രമാണത്തിന്റെ ആവശ്യകത വാസ്തവത്തിൽ വീണ്ടുംജനിച്ച രാജ്യജനത്തിന്റെ ഉള്ളിൽനിന്നുള്ള പുതിയ ജീവനായ ദിവ്യജീവന്റെ ആവിഷ്കാരമാണ്. തങ്ങൾക്ക് ഇത്രയും ഉന്നതമായ നിലയിലേക്ക് എത്തിച്ചേരുവാനും, ഇത്രയും ഉന്നതമായ ജീവിതം നയിക്കുവാനും സാധിക്കുമെന്ന് വീണ്ടുംജനിച്ച ജനത്തെ കാണിച്ചുകൊണ്ട്, ഈ നിബന്ധന അവരുടെ ആന്തരിക ആളത്തത്തെ തുറക്കുന്നു.

മാറ്റപ്പെട്ട ഈ പ്രമാണങ്ങളുടെ അനുശാസനകളെല്ലാം വെളിപ്പെടുത്തുന്നത് നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന് നമുക്കുവേണ്ടി എത്രയധികം ചെയ്യുവാൻ കഴിയുമെന്നാണ്. ഈ പ്രമാണങ്ങളെല്ലാം വെറുമൊരു അനുശാസനയല്ല; അവ നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ ദിവ്യജീവന് നമ്മെയും തികഞ്ഞവരാക്കുവാൻ കഴിയുമെന്ന് കാണിക്കുന്ന ഒരു വെളിപാടാണ്. നമ്മുടെ ഉള്ളിൽ ഈ തികവു വരുത്തുന്ന ജീവൻ നമുക്കുണ്ട്. നമ്മുടെ സ്വർഗീയ പിതാവിനെപ്പോലെ നമ്മെ

തികഞ്ഞവരാക്കുവാൻ കഴിയുന്ന ഇങ്ങനെയുള്ള ഒരു ദിവ്യപ്രകൃതത്തോടുകൂടിയ ഒരു ജീവൻ നമുക്കുണ്ട്.

വാക്യം 45 അനുസരിച്ച് പിതാവ് ദുഷ്ടന്മാരുടെയും നല്ലവരുടെയുംമേൽ തന്റെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുകയും, നീതിമാന്മാരുടെയും നീതികെട്ടവരുടെയുംമേൽ മഴ അയയ്ക്കുകയും ചെയ്യുന്നുവെന്ന് നാം കണ്ടു. പിതാവ് ആദ്യം ദുഷ്ടന്മാരുടെമേൽ തന്റെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുന്നു, പിന്നീട് നല്ലവരുടെമേൽ ഉദിക്കുവാൻ ഇടയാക്കുന്നു. നിങ്ങൾ പിതാവായിരുന്നെങ്കിൽ നിങ്ങൾ ആദ്യം ദുഷ്ടന്മാരുടെമേലും പിന്നീട് നല്ലവരുടെമേലും നിങ്ങളുടെ സൂര്യനെ ഉദിക്കുവാൻ ഇടയാക്കുമായിരുന്നോ? നിശ്ചയമായും നിങ്ങൾ അതിനെ ആദ്യം നല്ലവരുടെമേൽ ഉദിക്കുവാൻ ഇടയാക്കുമായിരുന്നു. പിതാവ് നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തന്റെ മഴയെ അയയ്ക്കുന്നുവെന്നും ഈ വാക്യം പറയുന്നു. ഈ ഭാഗത്തുള്ള ക്രമം മാറ്റിയിരിക്കുന്നു എന്നത് ശ്രദ്ധിക്കുക. സൂര്യപ്രകാശം ആദ്യം ദുഷ്ടന്മാരുടെമേലും പിന്നീട് നല്ലവരുടെമേലും അയയ്ക്കുന്നതിലും മഴ ആദ്യം നീതിമാന്മാരുടെമേലും പിന്നീട് നീതികെട്ടവരുടെമേലും അയയ്ക്കുന്നതിലും സ്വർഗീയ പിതാവിന്റെ ദൃഷ്ടിയിൽ യാതൊരു വ്യത്യാസവുമില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

ഇതിനെ നമുക്ക് നമ്മുടെ മക്കളോട് ഇടപെടുന്ന വിഷയത്തോട് പ്രയോഗിക്കാം. നിങ്ങളുടെ മക്കളോട് ഇടപെടുന്നതിൽപോലും നിങ്ങൾക്ക് നിങ്ങളുടെ തിരഞ്ഞെടുപ്പുണ്ട്. നിങ്ങൾ എത്ര സ്വാഭാവികരാണെന്ന് ഇതു ചൂണ്ടിക്കാണിക്കുന്നു. നിങ്ങൾക്ക് മൂന്നു മക്കളുണ്ടെന്നു കരുതുക. നിങ്ങളുടെ മൂന്നു മക്കളിൽ ഒരാൾ സ്നേഹയോഗ്യനും, ഒരുവൻ അനുസരണംകെട്ടവനും, ഒരുവൻ നിഷ്പക്ഷനുമായിരിക്കാം. അനുസരണംകെട്ടവനെ നിങ്ങൾ എത്രമാത്രം ഇഷ്ടപ്പെടാതിരിക്കുകയും അവനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നുവെന്ന് വെളിപ്പെടുത്തിക്കൊണ്ട് എല്ലാ ദിവസവും ഈ മൂന്നു മക്കൾ നിങ്ങളെ തുറന്നു കാട്ടുന്നു. നിങ്ങൾ അവനെ ഇഷ്ടപ്പെടുന്നില്ലെങ്കിലും, സ്വർഗീയ പിതാവ് അവനെ ആ സ്നേഹയോഗ്യനെക്കാൾ കൂടുതൽ സ്നേഹിക്കുന്നു. നിങ്ങളുടെ സ്വാഭാവിക അഭിരുചിയെ തുറന്നുകാണിക്കുവാൻ ദൈവം അവനെ അയച്ചിരിക്കുന്നു.

സഭാജീവിതത്തിലും നമുക്ക് നമ്മുടേതായ സ്വഭാവിക അഭിരുചിയുണ്ട്. ശാന്തരായ സഹോദരന്മാരെയും ഹൃദ്യരായ സഹോദരിമാരെയും നാം ഇഷ്ടപ്പെടുന്നു. എല്ലാ സഹോദരന്മാരും സഹോദരിമാരും ഇങ്ങനെയായിരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. എന്നാൽ ഇത് ഒരു സ്വപ്നം മാത്രമാണ്, കാരണം നമ്മെ അലട്ടുന്ന ചിലർ എല്ലായ്പ്പോഴും ഉണ്ടായിരിക്കും. മൂപ്പന്മാരുടെ കുറവിന്റെ പ്രശ്നത്തെ പരിഗണിക്കുക. നിരവധി സഹോദരന്മാർ ശാന്തരും ഹൃദ്യരുമാണ്, എന്നാൽ അവർ മൂപ്പന്മാരായിരിക്കുവാൻ

പ്രാപ്തരല്ല. എന്നാൽ പ്രാപ്തരായവർ അല്പം പരുഷരായിരിക്കാം. നിങ്ങളുടെ സ്വാഭാവിക അഭിരുചിയെ തുറന്നുകാണിക്കുവാൻ ദൈവം ഇതിനെ ഉപയോഗിക്കുന്നു.

31 മുതൽ 48 വരെയുള്ള വാക്യങ്ങളിലെ കർത്താവിന്റെ വാക്കിന്റെ സൂചിതാർഥവും പ്രാധാന്യവും നാം ഇപ്പോൾ മനസ്സിലാക്കുന്നു. ഇത് നമ്മുടെ ശത്രുവിനെ കേവലം ബാഹ്യമായി സ്നേഹിക്കുന്ന ഒരു കാര്യമല്ല. അല്ല, ഇത് നമ്മുടെ സ്വാഭാവിക ആളത്തത്തെ തുറന്നു കാണിക്കുന്ന ഒരു കാര്യമാണ്. നാം തുറന്നുകാട്ടപ്പെട്ടതിനുശേഷം നാം പറയും, "കർത്താവേ, എന്നോട് കരുണയുണ്ടാകേണമേ. നിന്റെ വിടുതൽ എനിക്കെത്ര ആവശ്യമാണ്! നിന്റെ അടുക്കൽ തങ്ങുവാനും നിന്നിൽ ആശ്രയിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ ഞാൻ എന്റെ പിതാവിനെപ്പോലെ തികഞ്ഞവനായിരിക്കും."

നാം എങ്ങനെ പെരുമാറണം എന്നതിനെ സംബന്ധിച്ച ഒരു ഉപദേശമായി കർത്താവിന്റെ വാക്കിനെ എടുക്കാതിരിക്കുക. ഈ രീതി കാര്യക്ഷമമായിരിക്കുകയില്ല. കർത്താവിന്റെ വാക്ക് നമ്മുടെ ആളത്തത്തെയും, നമ്മുടെ സ്വാഭാവിക തിരഞ്ഞെടുപ്പിനെയും സ്പർശിക്കുവാനും, നാം ആരാണെന്നതിനെയും നാം എവിടെയാണെന്നതിനെയും തുറന്നുകാണിക്കുവാനും ഉദ്ദേശിച്ചായിരുന്നു. നാം തുറന്നുകാട്ടപ്പെടുകയും കീഴ്പെടുത്തപ്പെടുകയും ചെയ്യുമ്പോൾ നമ്മിൽ ജീവിക്കുവാൻ ദിവ്യജീവന് നാം പൂർണ്ണാവസരം നൽകും. ഇത് നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നമ്മെയും തികഞ്ഞവരാക്കും. പിതാവിനെ അനുകരിക്കുവാൻ നമുക്കു കഴിയുകയില്ല. ഞാൻ ചെറുപ്പമായിരുന്നപ്പോൾ ക്രിസ്തുമതത്തിലുള്ളവർ എന്നെ പഠിപ്പിച്ചത് നമ്മുടെ സ്വർഗീയ പിതാവ് മോശമായവരെ സ്നേഹിക്കുന്നുവെന്നും, നമ്മുടെ പിതാവ് ചെയ്യുന്നതുപോലെ നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കണം എന്നുമാണ്. കേൾക്കുമ്പോൾ ഇതു നല്ലതാണെന്നു തോന്നുമെങ്കിലും, ഇത് വാസ്തവത്തിൽ ഒരു മനുഷ്യനെപ്പോലെ പെരുമാറുന്നതിന് ഒരു കുരങ്ങിനെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെയാണ്. ദയാലുവായ ഒരു മാന്യനെപ്പോലെ പെരുമാറുവാൻ നിങ്ങൾ ഒരു കുരങ്ങിനെ പഠിപ്പിക്കുമായിരിക്കാം. എന്നാൽ കുരങ്ങന്മാർ ആ മനുഷ്യന്റെ പുത്രന്മാരല്ലാത്തതുകൊണ്ട് ഇതു ചെയ്യുന്നതിൽ അവ പരാജയപ്പെടും. നാം നമ്മുടെ സ്വർഗീയ പിതാവിന്റെ പുത്രന്മാരാണ്. അങ്ങനെ, നമ്മുടെ പിതാവിന്റ ജീവനും പ്രകൃതവും നമ്മുടെ ഉള്ളിലുണ്ട്. പുറമെയുള്ള എല്ലാ ശത്രുക്കളും, നിർബന്ധിക്കുന്നവരും, എതിരാളികളും നാം എന്താണെന്ന് തുറന്നുകാണിക്കുന്നു. നമ്മുടെ സ്വാഭാവിക ആളത്തത്തെ അവർ തുറന്നുകൊണിക്കുന്നതുകൊണ്ട് ഇനിമേൽ നമ്മിൽത്തന്നെ ആശ്രയിക്കാതെ നമ്മുടെ പിതാവിലേക്കു

നോക്കുവാനും നമ്മുടെ പിതാവിന്റെ ജീവനും പ്രകൃതവും നമ്മുടെ ഉള്ളിൽ നമുക്കുണ്ടെന്ന് മനസ്സിലാക്കുവാനും നാം പഠിക്കുന്നു. ഈ തുറന്നുകാട്ടലിലൂടെ നാം പിതാവിനോട് അടുത്തിരിക്കണമെന്നും അവന്റെ ജീവനാലും പ്രകൃതത്താലും ജീവിക്കണമെന്നും നാം കാണുവാൻ ഇടവരുന്നു. ഇപ്രകാരം നമ്മുടെ പിതാവ് തികഞ്ഞവ നായിരിക്കുന്നതുപോലെ നാമും തികഞ്ഞവരായിരിക്കും. ഇതാണ് രാജ്യജീവൻ, രാജ്യജീവിതം.

ഈ വാക്യങ്ങളെ തെറ്റിദ്ധരിച്ചുകൊണ്ട് നിരവധി ക്രിസ്ത്യാനികൾ തങ്ങളുടെ ബാഹ്യമായ പെരുമാറ്റത്തെ സംബന്ധിച്ച നിർദ്ദേശങ്ങളായി അവയെ എടുത്തിട്ടുണ്ട്. ഇക്കാരണത്താലാണ് അനേകർ നിരാശപ്പെടുകയും, "ഇത് ഞങ്ങൾക്ക് വളരെയധികമാണ്. ഞങ്ങൾ ഇതിൽനിന്നും വളരെ അകലെയാണ്. ഇത് നിവർത്തിക്കുവാൻ ഞങ്ങൾ പ്രാപ്തിയില്ലാത്ത വരാകുന്നു" എന്നു പറയുകയും ചെയ്തിട്ടുള്ളത്. ഇത് കർത്താവു നൽകിയ പൊതുവായ ഒരു വാക്കല്ല; ഇത് സ്വർഗീയരാജ്യത്തിന്റെ ഭരണഘടനയാണ്. നാം അവന്റെ രാജ്യജനമായതുകൊണ്ട് നമുക്ക് തീർച്ചയായും ഈ അനുശാസനകൾ നിറവേറ്റുവാൻ കഴിയും. നമ്മുടെ ഉള്ളിൽ നമുക്ക് രാജ്യജീവനുണ്ട്; അതിനാൽ നമ്മിൽ തന്നെയല്ല, പിതാവിന്റെ ജീവനാലും പ്രകൃതത്താലും നമുക്ക് ഈ പ്രമാണങ്ങൾ നിറവേറ്റുവാൻ കഴിയും. അതുകൊണ്ട്, നാം പൂർണ്ണമായി കീഴ്പെട്ടിരിക്കുകയും, അവനിലേക്കു തിരിയുകയും, അവനോട് അടുത്തിരിക്കുകയും, അവനിൽ ആശ്രയിക്കുകയും, അവനാൽ ജീവിക്കുകയും ചെയ്യുവാൻ തക്കവണ്ണം നമ്മുടെ ആളത്തത്തെ സ്പർശിക്കുവാനും, നാം ആയിരിക്കുന്നതിനെ തുറന്നുകാട്ടുവാനും നിരവധി പ്രതികൂല കാര്യങ്ങളെ നമ്മുടെ പരിതസ്ഥിതിയിലക്ക് അയയ്ക്കുന്നതുകൊണ്ട് നാം അവന് സ്തോത്രം ചെയ്യണം. അപ്പോൾ നാം ശരിയായ ഒരു രാജ്യജീവിതത്തിനു വേണ്ടി രാജ്യജീവനുള്ള നിർവ്യാജരായ രാജ്യജനമായിരിക്കും. ഇതാണ് ഇന്ന് ഭൂമിയിലുള്ള ദൈവത്തിന്റെ രാജ്യവും, ഇതാണ് ശരിയായ സഭാജീവിതവും.